(ഡി) മണ്ണിന്റെയും പാറയുടെയും സ്വഭാവം, വിള്ളലുകളുടെയും ഇൻട്രൂസീവ് പാറകളുടേയും ഘടന, പ്രദേശത്തിന്റെ വായു നീ ചാർജിംഗ് ശേഷി ഇവയുടെ അടിസ്ഥാനത്തിലാണ് തീരുമാനിക്കുന്നത്.

(ഇ) വിപുലമായ പര്യവേഷണം ആവർത്തിച്ചും നടത്തിയതാണ്. എന്നാൽ ഇതിനാവശ്യമായ സാങ്കേതിക ഉദ്യോഗസ്ഥൻമാരുടെ കുറവുമൂലം മുൻഗണന അർഹിക്കുന്നവർക്ക് മാത്രമേ വിശദമായ പഠനം നടത്താൻ ഇപ്പോൾ സാധിക്കുകയുള്ളു.

മന്തു രോഗികൾക്ക്, വികലാംഗർക്ക് നൽകുന്ന ആനുകൂല്യങ്ങൾ നൽകാൻ നടപടി

881 [263] ശ്രീ. വി. ദിനകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്തുരോഗികൾക്ക്, വികലാംഗർക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും നൽകണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർക്ക് വികലാംഗർക്ക് നൽകുന്ന ആനുകൂല്യം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ ആവശ്യം കേരളാ ഫൈലേറിയ പേഷ്യൻസ് അസോസിയേഷൻ ഉന്നയിച്ചിട്ടുണ്ട്.

(ബി) മന്തുരോഗികൾ വികലാംഗരല്ലാത്തതിനാൽ അവർക്ക് വികലാംഗർക്ക് നൽകുന്ന ആനുകൂല്യങ്ങൾ നൽകാൻ നിർവാഹമില്ല.

കിളിമാനൂർ നിയോജക മണ്ഡലത്തിലെ എം. എൽ. എ. റോഡുകൾ

882 [991] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ നിയോജക മണ്ഡലത്തിലെ എം. എൽ. എ. റോഡുകളുടെ പണി എവിടെവരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽതന്നെ ഈ റോഡുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഒന്നാമത്തെ എം എൽ എ റോഡായ പാപ്പാല—പുങ്കൽത്തടം റോഡിന്റെ പണിക്കുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. രണ്ടാമത്തെ എം. എൽ. എ. റോഡായ പൊരുന്നമൺ—കല്ലറ റോഡിന്റെ പണിയുടെ 20 ലക്ഷം രൂപ എസ് റ്റി മേറ്റ് തുകയുള്ള ആദ്യഭാഗത്തിന് പ്രത്യേകാനുമതി നൽകുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ബി) മേൽ സൂചിപ്പിച്ച സാഹചര്യങ്ങളാൽ ഇക്കാര്യത്തിലൊരു മറുപടി ഇപ്പോൾ പറയുക പ്രയാസമാണ്.

LIBRARY ARCHIVES Kerala Legislative Assembly